**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3820** **17-03-2025 - ൽ മറുപടിയ്ക്ക്**

**കൊല്ലം ജില്ലയിലെ ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തികയിലെ പുതിയ വിജ്ഞാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊല്ലം ജില്ലയിലെ ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് (വിവിധ വകുപ്പുകൾ) തസ്തികയിലേയ്ക്കുള്ള പുതിയ പി.എസ്.സി. വിജ്ഞാപനം എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | ക്ലാർക്ക് ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ്-ക്ലാർക്ക് നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് അവരുടെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ ക്ലാർക്ക് അഥവാ ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് കാറ്റഗറി മാറ്റം/പ്രൊമോഷൻ അനുവദിക്കുന്നുണ്ട്. ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നതോടെ ടൈപ്പിസ്റ്റുമാരുടെ ജോലി കൂടി വലിയൊരളവു വരെ ക്ലാർക്കുമാർ നിർവ്വഹിക്കുകയാണ്. ആയതിനാൽ, ടൈപ്പിംഗ് ജോലികളിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ, നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞാൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ്-ക്ലാർക്ക് തസ്തികകളെ ക്ലാർക്ക് തസ്തികകളാക്കി മാറ്റുവാൻ കഴിയുമോ എന്നു പരിശോധിക്കുന്നതിനായി വിവിധ വകുപ്പുകളിൽ പ്രവൃത്തി പഠനം നടത്തി വരുന്നുണ്ട്. പഠനം പൂർത്തിയാക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ. |
| (ബി) | ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് കെ.ജി.റ്റി.ഇ. സർട്ടിഫിക്കറ്റും കൊമേഴ്സ്യൽ പ്രാക്ടീസ് സർട്ടിഫിക്കറ്റും സെക്രട്ടേറിയറ്റ് പ്രാക്ടീസ് കോഴ്സ് സർട്ടിഫിക്കറ്റും നേടിയ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ ജോലി നേടുന്നതിനുള്ള വിരളമായ അവസരങ്ങളിലൊന്നായ ക്ലാർക്ക് ടൈപ്പിസ്റ്റ്/ ടൈപ്പിസ്റ്റ് ക്ലാർക്ക് (വിവിധ വകുപ്പുകൾ) തസ്തികയിലേയ്ക്കുള്ള പുതിയ പി.എസ്.സി. വിജ്ഞാപനത്തിന് കാലതാമസം ഉണ്ടാകുന്നില്ല എന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ക്ലാർക്ക് ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ്-ക്ലാർക്ക് നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് അവരുടെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ ക്ലാർക്ക് അഥവാ ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് കാറ്റഗറി മാറ്റം/പ്രൊമോഷൻ അനുവദിക്കുന്നുണ്ട്. ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നതോടെ ടൈപ്പിസ്റ്റുമാരുടെ ജോലി കൂടി വലിയൊരളവു വരെ ക്ലാർക്കുമാർ നിർവ്വഹിക്കുകയാണ്. ആയതിനാൽ, ടൈപ്പിംഗ് ജോലികളിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ, നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞാൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ്-ക്ലാർക്ക് തസ്തികകളെ ക്ലാർക്ക് തസ്തികകളാക്കി മാറ്റുവാൻ കഴിയുമോ എന്നു പരിശോധിക്കുന്നതിനായി വിവിധ വകുപ്പുകളിൽ പ്രവൃത്തി പഠനം നടത്തി വരുന്നുണ്ട്. പഠനം പൂർത്തിയാക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ